PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION 1948/1123.

(OFFICIAL REPORT).

Saturday the 14th August 1948/30th Karkatakam 1123.

The House re-assembled in the Legislative Chamber, Public Offices at 11 A. M. on Saturday, the 14th August 1948/30th Karkatakam 1123, the President, (the Hon'ble Mr. A. J. John) in the Chair.

STARRED QUESTIONS AND ANSWERS.

സ്വന്തഭൂമിയില്ലാത്ത പിന്നോക്കസമുദായക്കാർ.

302. MR. P. K. KRISHNAN SASTRI (*Mesnachil II—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) വീടുകെട്ടി കിടക്കാൻ സ്വന്ത ഭൂമിയില്ലാത്ത് പിന്നോക്ക സമുദായക്കാർ ഗവണ്മെൻറുവക സ്ഥലങ്ങളിൽ പ്രവേശിച്ചു വീടുകെട്ടി താമസിച്ചതിൽ അവരെ ഒഴിപ്പിച്ചു് ആ സ്ഥലം തന്നെ ലേലത്തിൽ വിറ്റിട്ടുള്ളതായി പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

(ബി) അങ്ങനെയുള്ള സ്ഥലങ്ങളെ, അവരുടെ ദേഹണ്ണങ്ങളും മറ്റും കണക്കിലെടുത്തു അവർക്കുതന്നെ കുറഞ്ഞകൂലിക്കോ മുറാ കൊടുത്തു സാധിക്കുവാനുള്ള ഒരു പരിപാടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : (എ) ഇല്ല.

(ബി) അങ്ങനെയുള്ള സ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ലെങ്കിലും അധീനതരുടെ കയ്യിൽ ദേഹണ്ണസ്ഥലങ്ങൾ ഇരിക്കുന്നുണ്ടെങ്കിൽ, അതു അവർക്കു കൊടുക്കണമെന്നാണു ഗവണ്മെൻറു വിചാരിക്കുന്നതു്.

MR. KANNARA GOPALA PANICKER (*Thiruvalla II—General*): പിന്നോക്കസമുദായങ്ങളിൽ ഏതെല്ലാം സമുദായങ്ങൾ ഉൾപ്പെട്ടും?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. C. KESAVAN : അതിനു നോട്ടിഫിക്കേഷനുണ്ട്. അതു നോക്കിയാലറിയാം.

പ്രൈവറ്റ് ഹോസ്റ്റലുകൾ.

303 [MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഹരിജൻ വിദ്യാർത്ഥിനികളെ താമസിപ്പിച്ചുവരുന്ന പ്രൈവറ്റ് ഹോസ്റ്റലുകൾ ഏതെല്ലാം എന്നും, ഓരോന്നിലും ഉള്ള വിദ്യാർത്ഥിനികൾ എത്രയെന്നും, ഓരോ സ്ഥാപനത്തിനും പ്രതിമാസം പിന്നാക്കസമുദായ സംരക്ഷകഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുന്ന ഗ്രാൻറ് എത്ര എന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഹരിജന വിദ്യാർത്ഥിനികളെ തിരുവനന്തപുരത്തു ആനന്ദനിലയം, മഹിളാമന്ദിരം എന്നീ രണ്ടു ഹോസ്റ്റലുകളിൽ താമസിപ്പിക്കുന്നതിനു ഏർപ്പാടുചെയ്തിട്ടുണ്ട്. ആദ്യത്തേതിൽ ക്ലാസ്സ് 0–ം, രണ്ടാമത്തേതിൽ ക്ലാസ്സ് 0–ം കുട്ടികൾ താമസിക്കുന്നു. ആനന്ദനിലയത്തിലുള്ള കുട്ടികൾക്ക് നൂ0 രൂപ ഗ്രാൻറ് കൊടുക്കുന്നുണ്ട്. മഹിളാമന്ദിരത്തിൽ കോളേജിലും, ഹൈസ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥിനികൾക്കു നൂ0 രൂപ വീതം ഗ്രാൻറ് കൊടുക്കുന്നു. മറ്റു ക്ലാസ്സുകളിൽ പഠിക്കുന്നവർക്കു 0 ഉ. രൂപയും ഗ്രാൻറ് കൊടുക്കുന്നുണ്ട്.

MR. KANNARA GOPALA PANICKER : ഹരിജനങ്ങൾക്കുവേണ്ടി ചെങ്ങന്നൂരിൽ ഒരു പ്രൈവറ്റ് ഹോസ്റ്റൽ നടത്തുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അറിവില്ല.

MR. ALEXANDER VAKAYIL (*Parur II—Latin Catholic Reserved*) : ഈ ഹരിജനഹോസ്റ്റലുകളിലെ താമസം തൃപ്തികരമല്ലെന്നു ഗവണ്മെൻറിനു പരാതികൾ കിട്ടിയിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഇല്ല.

MR. ALEXANDER VAKAYIL : ഹരിജനഹോസ്റ്റലുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഈ സഭയിലേയ്ക്കു തിരഞ്ഞെടുത്തിട്ടുള്ള അംഗങ്ങളെ നോൺ ഒഫിഷ്യൽ അംഗങ്ങളായി നിയമിച്ചാൽ ഹോസ്റ്റലുകളെ സംബന്ധിച്ചു ശരിയായ റിപ്പോർട്ടുകൾ കിട്ടാൻ സാധിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly